പുതിയ സ്ക്കൂളുകളും കോളേജുകളും

97 (4379) ശ്രീ. എ. സുജനപാൽ :
ശ്രീ. കെ. മോഹൻ കുമാർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര സ്ക്കൂളുകളും കോളേജുകളും അനുവദിച്ചു ;

(ബി) അവയിൽ ഗവണ്മെന്റ് സ്ഥാപനങ്ങൾ എത്രയാണ് ;

(സി) സ്ക്കൂൾ കോളേജ് വിദ്യഭ്യാസ രംഗത്തുനിന്ന് ഗവൺമെന്റ് ക്രമേണ പിന്മാറാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 10 എയിഡഡ് സ്ക്കൂളുകളും 10 ബി.എഡ്. കോളേജുകളും 43 ആർട്സ് ആന്റ് സയൻസ് കോളേജുകളും, 49 സ്വശ്രയ എഞ്ചിനീയറിംഗ് കോളേജുകളും അനുവദിച്ചു.

(ബി) അവയിൽ ഗവൺമെന്റ് സ്ഥാപനങ്ങൾ ഇല്ല. സർക്കാർ നിയന്ത്രണത്തിലുള്ള എൽ.ബി.എസിന്റെ കീഴിലുള്ള ഒരു കോളേജ് ഒഴികെ ബാക്കിയെല്ലാം സ്വകാര്യ സ്ഥാപനങ്ങളാണ്.

(സി) ഇല്ല.

സ്വകാര്യ മേഖലയിലെ വിദ്യാലയങ്ങൾ

98 (4380) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ എത്ര സ്ക്കൂളുകൾ റെക്കൈസ്ഡ്/അൺറെക്കൈസ്ഡ് ആയി പ്രവർത്തനം ആരംഭിച്ചുവെന്നും അതിന്റെ മാനേജ്മെന്റ് ഏതെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് അനുവദിച്ച സ്വകാര്യ മേഖലയിലെ മെഡിക്കൽ കോളേജ് എഞ്ചിനീയറിംഗ് കോളേജ്, ബി.എഡ്.കോളേജ്, നഴ്സിംഗ് കോളേജ്, മറ്റു കോളേജുകൾ, ഇതര സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ആയതിന്റെ മാനേജുമെന്റുകൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly